പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 236 25/04/2017-ൽ മറുപടിക്ക്

## ഇ.സി.ജി ടെക്നീഷ്യൻമാരുടെ തസ്തികകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.കെ ബഷീർ | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഇ.സി.ജി ടെക്നീഷ്യന്മാരുടെ തസ്തികകൾ എവിടെയെല്ലാമാണുള്ളത്; വ്യക്തമാക്കുമോ;പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലേക്കായി സർക്കാർ ആവശ്യപ്പെട്ട പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; | (എ) (ബി) | ആരോഗ്യ വകുപ്പിനു കീഴിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ താഴെ പറയുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലും ഇ.സി.ജി ടെക്നീഷ്യന്മാരുടെ തസ്തിക നിലവിലുണ്ട്.<br>1. തിരുവനന്തപുരം<br>2. ആലപ്പുഴ<br>3. കോട്ടയം<br>4. തൃശ്ശൂർ<br>5. കോഴിക്കോട്<br>6. മഞ്ചേരി<br>7. ഇടുക്കി<br>8. കൊല്ലം.<br><br>ആർദ്രം മിഷനിൽ ഉൾപ്പെടുത്തി 84 തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ഡയറക്ടർ സമർപ്പിച്ചിരിക്കുന്നത്; വിശദമാക്കുമോ; | | |
| (സി) | ആർദ്രം മിഷനിൽ ഉൾപ്പെടുത്തി എത്ര ഇ.സി.ജി ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിക്കപ്പെട്ടിട്ടുള്ളത്; | (സി) | ആരോഗ്യ വകുപ്പിനു കീഴിൽ 84 തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. |
| (ഡി) | ആയതിൽ എത്ര തസ്തികകൾ നിലവിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ; | (ഡി) | സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | നിലവിൽ ഇ.സി.ജി ടെക്നീഷ്യന്മാർ ലഭ്യമല്ലാത്ത ആശുപത്രികളിൽ ആരാണ് ഇവരുടെ ജോലി നിർവ്വഹിക്കുന്നത്; വിശദമാക്കുമോ? | (ഇ) | ഇ.സി.ജി ടെക്നീഷ്യന്മാരുടെ അഭാവത്തിൽ പരിശീലനം സിദ്ധിച്ച മറ്റു ജീവനക്കാരാണ് പ്രസ്തുത ജോലി നിർവ്വഹിക്കുന്നത്. ഇ.സി.ജി ടെക്നീഷ്യന്മാരുടെ തസ്തിക ഇല്ലാത്ത പ്രധാന ആശുപത്രികളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിററി മുഖേന ഇ.സി.ജി ടെക്നീഷ്യന്മാരെ നിയമിക്കാറുണ്ട്. |

സെക്ഷൻ ആഫീസർ